**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 379** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങളും പാരമ്പര്യ അറിവുകളും സംസ്കാരവും സംരക്ഷിച്ചുകൊണ്ട് സാമൂഹിക സമത്വവും സുരക്ഷയും സാമ്പത്തിക വികസനവും വിദ്യാഭ്യാസ ഉന്നമനവും ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | **പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യസമത്വവും സാമ്പത്തികവികസനവും വിദ്യാഭ്യാസ ഉന്നമനവും സുരക്ഷയും പാരമ്പര്യ അറിവുകളുടെ സംരക്ഷണവും മുൻനിർത്തിയുള്ളതാണ്.<br><br>വിദ്യാഭ്യാസ രംഗത്ത് പ്രീപ്രൈമറി തലം മുതൽ ഉന്നതവിദ്യാഭ്യാസരംഗം വരെയും വിദേശപഠനരംഗത്തും നൈപുണ്യവികസന മേഖലയിലും വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><br>സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി സുരക്ഷിതവും വൃത്തിയുള്ളതുമായ പാർപ്പിടസൗകര്യങ്ങളും, റോഡ്, വൈദ്യുതി, പാലങ്ങൾ മുതലായ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പ് വരുത്തുന്നുണ്ട്. ആരോഗ്യരംഗത്ത് ഗർഭാവസ്ഥ മുതൽ ജീവിതാന്ത്യം വരെയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നു. അതോടൊപ്പം ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സാമ്പത്തിക ഉന്നമനപരിപാടികളും തനിമ നിലനിർത്തുന്ന തരത്തിലുള്ള കാർഷിക വികസന പദ്ധതികളും ഉത്പന്നങ്ങളുടേയും കലകളുടേയും പ്രദർശന വിപണന മേളകളും പാരമ്പര്യ അറിവുകൾ സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.** |
| (ബി) | വിദ്യാഭ്യാസ രംഗത്ത് രാജ്യത്തിന് തന്നെ മാതൃകയാക്കാവുന്ന എന്തൊക്കെ ക്രിയാത്മകമായ പദ്ധതികളാണ് പട്ടികവർഗ്ഗ മേഖലയിൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | **രാജ്യത്തിന് തന്നെ മാതൃകയാക്കാവുന്ന സാമൂഹ്യ പഠനമുറികൾ, സിവിൽ സർവീസ് പരീക്ഷാപരിശീലനം, NEET/UG പരീക്ഷാപരിശീലന സഹായം, ഏവിയേഷൻ പഠനവും തൊഴിൽ പരിശീലനവും എന്നിവ സംസ്ഥാന സർക്കാർ** |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ച് നടപ്പാക്കിയ മികച്ച പദ്ധതികളാണ്. സ്കൂൾ പഠനസമയശേഷമുള്ള പഠന പ്രവർത്തനങ്ങൾക്കും, ലൈബ്രറി പോലുള്ള സംവിധാനങ്ങൾക്കും സാമൂഹ്യപഠനമുറികൾ പ്രയോജനപ്പെടുന്നു. പഠനസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതോടൊപ്പം അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് ഈ പദ്ധതി തൊഴിലും പ്രദാനം ചെയ്യുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന നൂതനങ്ങളും ആവശ്യാധിഷ്ഠിതവുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. വിദേശപഠനത്തിനുള്ള ധനസഹായം<br>2. അന്യസംസ്ഥാന പഠനത്തിനുള്ള ധനസഹായം<br>3. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം<br>4. സിവിൽ സർവ്വീസ് പരിശീലനം<br>5. ഗോത്രബന്ധു പദ്ധതി –മെന്റർടീച്ചർമാരുടെ സേവനം<br>6. വിദ്യാവാഹിനി പദ്ധതി<br>7. 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ<br>8. 108 പ്രീമെട്രിക് ഹോസ്റ്റലുകൾ, 12 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ<br>9. 364 സാമൂഹിക പഠനമുറികൾ |
| (സി) | ആദിവാസി വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, പോഷകാഹാരം എന്നിവയെക്കുറിച്ച് മികച്ച അവബോധം സൃഷ്ടിക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) | വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, പോഷകാഹാരം എന്നീ കാര്യങ്ങളിൽ കാര്യമായ അവബോധം സൃഷ്ടിക്കുന്നതിന് സോഷ്യൽ വർക്കർമാർ, എസ്.റ്റി പ്രൊമോട്ടർമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയും എക്സൈസ്, പോലീസ്, ആരോഗ്യ സുരക്ഷ വകുപ്പുകളുടെ സഹകരണത്തോടെയും വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി, സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള ബോധവൽക്കരണ - ധനസഹായ പദ്ധതികൾ, കാറ്റാടി KATADI Initiative (Kerala Accelerated Tribal Ability Development & Inclusion Initiative) പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റ്, മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്കായുള്ള ഹെൽത്ത് കാർഡ്, ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രിഷ്യൻ കൺസൾട്ടന്റ്, വാൽസല്യ സ്പർശം പദ്ധതി, ഊരിന്റെ താരാട്ട്, ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട്, കമ്മ്യൂണിറ്റി കിച്ചൻ, ഫുഡ് സപ്പോർട്ട് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. മെന്റർ ടീച്ചർമാർ, ട്രൈബൽ |

| | | | |
|---|---|---|---|
| | | | **പാരാമെഡിക്കുകൾ, പ്രൊമോട്ടർമാർ എന്നിവരുടെ നിയമനം, ഫോറസ്റ്റ് വാച്ചർമാരുടെ നിയമനം, ഏവിയേഷൻമേഖലയിലെ മികവിന്റെ ഗാഥകൾ എന്നിവ വിദ്യാഭ്യാസ മേഖലയിൽ ഉൽക്കർഷേച്ഛയുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ